## SECTION A

**Q1. ഓരോ ചോദ്യത്തിനും നൂറ്റമ്പതു് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) മൂലദ്രാവിഡഭാഷയിൽ നിന്നും ഉണ്ടായ സ്വതന്ത്ര ശാഖയാണ് മലയാളം എന്നു് വാദിക്കുന്ന പണ്ഡിതന്മാർ ആരൊക്കെ ? അവരുടെ വാദങ്ങൾ സംഗ്രഹിച്ചു് അവ എത്രത്തോളം സ്വീകാര്യമാണു് എന്ന് പരിശോധിക്കുക. *10*

(b) മണിപ്രവാളം ഭാഷാമിശ്രത്തിൽ നിന്ന് എങ്ങനെ വ്യത്യാസ്തമാവുന്നു ? ലീലാതിലകകാരന്റെ അഭിപ്രായം മുൻനിർത്തി വിവരിക്കുക. *10*

(c) പാട്ടിന്റെ നിർവ്വചനമെന്തു് ! അതു പൂർണമായും രാമചരിതം ഉൾക്കൊള്ളുന്നുണ്ടോ ? *10*

(d) ആട്ടകഥകളിൽ ദൃശ്യമാവുന്ന ഭാഷാപരമായ പ്രത്യേകതകൾ ഏവ ? ഉണ്ണായിവാരിയരുടെ നളചരിതത്തിലെഭാഷ ഇവയിൽനിന്നു് വ്യത്യസ്തമാണോ ? *10*

(e) കൊടുന്തമിഴ് മലയാളമായി പരിണമിക്കുന്നതിനിടയിലുള്ള കാലത്തെ വ്യത്യസ്തഘട്ടങ്ങളായി ഏ.ആർ. വിഭജിക്കുന്നതിന്റെ യുക്തി പരിശോധിക്കുക. *10*

**Q2.** (a) നിരണം കൃതികളുടെ ഭാഷാപരമായ സവിശേഷതകൾ വ്യക്തമാക്കുക ? *20*

(b) പ്രധാനപ്പെട്ട തെക്കൻ പാട്ടുകൾ ഏവ ? അവയുടെ ഭാഷാപരമായ പ്രാദേശിക മുദ്രകൾ കണ്ടെത്തുക. *15*

(c) കേരളീയരായ ക്രിസ്ത്യൻ മിഷനറിമാർ മലയാളഭാഷയുടെ പരിപോഷണത്തിനു് നല്കിയ സംഭാവനകൾ വിശദമാക്കുക. *15*

**Q3.** (a) നമ്പ്യാർക്കവിതകളിൽ അക്കാലഘട്ടത്തിലെ കേരളീയ സാമൂഹിക ജീവിതം പ്രതിഫലിക്കുന്നതെങ്ങനെ ? *20*

(b) മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ഉത്ഭവത്തോടുബന്ധപ്പെട്ട് ലീലാതിലകത്തിൽനിന്ന് ലഭിക്കുന്ന വസ്തുതകൾ എന്തെല്ലാം ? *15*

(c) മലയാള ഭാഷയ്ക്ക് തമിഴുമായുള്ള ബന്ധത്തെപ്പറ്റി പി. ഗോവിന്ദപ്പിള്ള, എ.ആർ. എന്നിവർ പുറപ്പെടുവിച്ച അഭിപ്രായത്തിന്റെ യുക്തി പരിശോധിക്കുക. *15*

**Q4.** (a) എ.ആർ. രാജരാജ വർമ്മ അവതരിപ്പിക്കുന്ന ആറു് നയങ്ങൾ ഏതൊക്കെ ? അവ കൊടുന്തമിഴിൽ നിന്നു് മലയാളമുണ്ടായി എന്ന് സ്ഥാപിക്കാൻ സമർത്ഥമാണോ ? *20*

(b) പ്രാചീന മലയാളഗദ്യം എത്രത്തോളം സമ്പന്നമാണ് ? ഭാഷാ കൌടലീയം, ബ്രഹ്മാണ്ഡ പുരാണം, ആട്ടപ്രകാരം, ക്രമദീപിക എന്നിവയെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക. *15*

(c) ഭരണഭാഷ മലയാളമാകുമ്പോൾ സാമാന്യമായി ഉയർന്നുവരാവുന്ന പ്രശ്നങ്ങൾ എന്തൊക്കെ ? അവയ്ക്കുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുക. *15*

## SECTION B

**Q5. ഓരോ ചോദ്യത്തിനും നൂറ്റമ്പതു് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) ഭക്തിയോടൊപ്പം ശൃംഗാരത്തിനും പ്രാധാന്യം നല്കപ്പെട്ടിട്ടുള്ള കാവ്യമാണു് കൃഷ്ണഗാഥ - ഈ അഭിപ്രായം വസ്തുതാപരമാണോ ? *10*

(b) സംസ്കൃതാചാര്യന്മാർ മഹാകാവ്യത്തിനു് നല്കിയ ലക്ഷണം മുൻനിർത്തി മലയാളത്തിലെ മഹാകാവ്യങ്ങളുടെ ശക്തിദൗർബല്യങ്ങൾ പരിശോധിക്കുക. *10*

(c) ചങ്ങമ്പുഴയുടെയും പി. യുടെയും കാല്പനിക ഭാവുകത്വത്തെ താരതമ്യം ചെയ്യുക. ? *10*

(d) വെണ്മണിക്കവികൾ ആരൊക്കെ ? അവർ കാവ്യഭാഷയെ പരിഷ്കരിച്ചതെങ്ങനെ ? *10*

(e) മലയാളത്തിലെ ആദ്യകാല കഥാകൃത്തുക്കളെ 'രസികന്മാരായ തറവാടികൾ' എന്നു് ഒരു സാഹിത്യ ചരിത്രകാരൻ വിശേഷിപ്പിക്കുകയുണ്ടായി - ഈ വിശേഷണം എത്രത്തോളം ശരിയാണ് ? *10*

**Q6.** (a) ആദ്ധ്യാത്മികചിന്തയും ഭക്തിയും പരസ്പരം ലയിപ്പിച്ചു് ഉദാത്തമായ കാവ്യലോകം സൃഷ്ടിച്ചു എന്നതാണ് എഴുത്തച്ഛനെ സാഹിത്യ ചരിത്രത്തിന്റെ ഉന്നതസ്ഥാനത്തു് പ്രതിഷ്ഠിക്കുവാൻ കാരണം - ശരിയോ ? *20*

(b) പതിത സ്ത്രീകളുടെ കഥപറയുന്ന കാവ്യങ്ങളെന്നനിലയിൽ മഗ്ദലനമറിയം, കരുണ എന്നികൃതികളെ താരതമ്യം ചെയ്യുക. *15*

(c) സമകാലിക ജീവിതത്തെ ഗ്രസിച്ച നൈതിക പ്രശ്നങ്ങളെ ആനന്ദ് എന്ന നോവലിസ്റ്റു് എങ്ങനെയാണു് സമീപിക്കുന്നത് ? ഏതെങ്കിലും ഒരു നോവലിനെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക. *15*

